പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :710 — 29.05.2019-ൽ മറുപടിക്ക്

## പ്രാഥമിക കാർഷിക സംഘങ്ങളുടെ നിക്ഷേപത്തിന് ആദായനികുതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.കൃഷ്ണൻ<br>,, സി.കെ.ശശീന്ദ്രൻ<br>,, കെ.വി.വിജയദാസ്<br>,, ഡി.കെ.മുരളി | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സുപ്രീം കോടതി വിധിയെപ്പോലും ധിക്കരിച്ചുകൊണ്ട് ആദായനികുതി വകുപ്പ് പ്രാഥമിക കാർഷിക സംഘങ്ങളുടെ നിക്ഷേപത്തിനുമേൽ നിയമവിരുദ്ധമായി ആദായനികുതി ഈടാക്കാൻ നടപടിയെടുക്കുന്നുവെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ; | (എ) യും (ബി) യും | 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെടാൻ ആദായ നികുതി വകുപ്പിന് അവകാശമുണ്ട്. കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. 2006 ലെ ഫിനാൻസ് ആക്റ്റിലൂടെ ആദായ നികുതി നിയമത്തിലെ 80 പി ഭേദഗതി ചെയ്ത് 01/04/2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ളതിനാൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് 80 പി അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകം ടാക്സ് വകുപ്പിന്റെ 20/09/2010 ലെ 6/2010 (F No.173(3)/44/2009-IT (A-I)) സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക സംഘങ്ങളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുവെങ്കിലും ടി സംഘങ്ങളുടെ അറ്റാദായത്തിലെ ഭൂരിഭാഗവും കാർഷികേതര പ്രവർത്തനങ്ങളിൽ നിന്നും നേടുന്നതാണെന്ന വാദമുന്നയിച്ചാണ് ആദായനികുതി വകുപ്പ് |
| (ബി) | സംസ്ഥാനത്ത് വിപുലമായ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ നിക്ഷിപ്ത താല്പര്യക്കാർ നോട്ടു നിരോധനം ഉൾപ്പെടെയുള്ള വിവിധ അവസരങ്ങൾ ഉപയോഗിച്ചുകൊണ്ട് നടത്തിയ ശ്രമങ്ങളുടെ തുടർച്ചയായി ആദായനികുതി വകുപ്പിനെ ഉപയോഗിക്കുന്നത് തടയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | പലപ്പോഴും അർഹമായ ആനുകൂല്യം നിഷേധിക്കുന്നതും കോടതി കേസുകളിൽ സംഘങ്ങൾക്കെതിരായി വിധി സമ്പാദിക്കുന്നതും. ഇൻകം ടാക്സ് ആക്ട് ഒരു കേന്ദ്ര നിയമം ആയതിനാൽ സംസ്ഥാന സർക്കാരിന് ഈ നിയമത്തിലെ വ്യവസ്ഥകളിന്മേൽ ഇടപെടാൻ പരിമിതികളുണ്ട്. എന്നിരുന്നാലും സഹകരണ മേഖലയെന്നത് സമ്പത്ത് വ്യവസ്ഥയെയും ജനങ്ങളുടെ വരുമാനം, തൊഴിൽ തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളെയും ബാധിക്കുന്നതാകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് മതിയായ ഇളവ് നൽകുന്നതിന് 02/07/2018-ൽ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സഹകരണ വകുപ്പ് മന്ത്രി കത്ത് നൽകിയിട്ടുണ്ട്. |
| (സി) | സഹകരണ സംഘങ്ങളെ ആധുനികരിച്ച് ജനകീയ ബാങ്കാക്കാൻ നടത്തി വരുന്ന പ്രവർത്തനം വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് ആർ.ബി.ഐ. തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും ചേർത്താണ് ഇത്തരത്തിൽ കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കിലേക്ക് തങ്ങളുടെ ആസ്തി ബാധ്യതകൾ മാറ്റുന്നതിനുള്ള പ്രമേയം നിലവിലെ സഹകരണ നിയമപ്രകാരം പാസ്സാക്കിയിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖലയുടെ മുഖഛായ മാറ്റുന്ന ഒരു പദ്ധതിയാണ് കേരള ബാങ്ക് രൂപീകരണം. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് പ്രാഥമിക സഹകരണ ബാങ്കുകളിലെ ഉപഭോക്താക്കൾക്ക് മറ്റ് ഇതര ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി എല്ലാവിധ |

| | | | |
|---|---|---|---|
| | | | സേവനങ്ങളും വളരെ ലളിതമായ ചാർജ്ജുകൾ ഈടാക്കി വളരെ വേഗത്തിലും മെച്ചപ്പെട്ടതുമായ സേവനം നൽകുവാൻ കഴിയും. കൂടാതെ ബാങ്കുകളിൽ കോർ ബാങ്കിംഗ് ഏർപ്പെടുത്തുന്നത് അടക്കമുള്ള പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചു വരുന്നു. ആധുനിക സംവിധാനങ്ങളായ മണിട്രാൻസ്ഫർ, മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, എ.റ്റി.എം, ആർ.റ്റി.ജി.എസ്. എന്നീ സംവിധാനങ്ങൾ വഴിയുള്ള സേവനങ്ങളും സഹകരണ ബാങ്കുകളിൽ നിന്നും നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**